**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ നടത്തുന്നതിനായി അസാപ് കേരള കെ-സ്കിൽ (K Skill) പദ്ധതി ആവിഷ്കരിച്ച് നടത്തിവരുന്നു. 2022-23 അധ്യയന വർഷത്തിൽ 4 ഘട്ടങ്ങളിലായി നൂറ്റി മുപ്പതിലധികം സ്കിൽ കോഴ്സുകളിൽ പരിശീലനം നേടാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭ്യമാണ്.<br><br>കോളേജ് വിദ്യാഭ്യാസ വകുപ്പിൽ Kerala Knowledge Economy Mission ന്റെ "കണക്ട് കരിയർ ടു ക്യാമ്പസും", കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ "Earn While You Learn" ഉം ആയി ബന്ധപ്പെടുത്തി സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സ്കിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽനിന്ന് ലഭ്യമായത് പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്ഥാപനം എന്ന നിരക്കിൽ KDISC ഉം Kerala Knowledge Economy Mission ഉം സംയുക്തമായി പദ്ധതി നടപ്പിലാക്കുന്നതിന് 2022-23 ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ